വിവിധ ക്ഷേമപദ്ധതികൾ പ്രകാരമുള്ള പെൻഷൻ കുടിശ്ശികകൾ

29 [312] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ക്ഷേമപദ്ധതികൾ പ്രകാരം പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിവിധ പെൻഷൻ പദ്ധതി പ്രകാരം എത്ര മാസത്തെ കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) ഓരോ പെൻഷനും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അവ ഓരോന്നും കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് എന്ത് തുക വീതം വേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതരും 50 വയസ്സിനു മുകളിലുമുള്ള സ്ത്രീകളുടെ പെൻഷൻ, സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ എന്നിവ 12/2003 വരെ വിതരണം ചെയ്യുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷന് 20 മാസം കുടിശ്ശികയും ചുരുട്ട്/ബീഡി തൊഴിലാളികൾക്ക് 6 മാസത്തെ കുടിശ്ശികയും കശുവണ്ടിത്തൊഴിലാളികൾക്ക് 23 മാസത്തെ കുടിശ്ശികയും കൈത്തറി തൊഴിലാളികൾക്ക് 18 മാസത്തെ കുടിശ്ശികയും നൽകാനുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക വിതരണം ചെയ്ത് തീർക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവാ പെൻഷൻ വാർദ്ധക്യകാല പെൻഷൻ, അവിവാഹിതരും 50 വയസ്സിനു മുകളിലുമുള്ള സ്ത്രീകളുടെ പെൻഷൻ, സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ എന്നിവ 12/2003 വരെ വിതരണം ചെയ്യുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷന് 20 മാസം കുടിശ്ശികയും ചുരുട്ട്/ബീഡി തൊഴിലാളികൾക്ക് 6 മാസത്തെ കുടിശ്ശികയും കശുവണ്ടിത്തൊഴിലാളികൾക്ക് 23 മാസത്തെ

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയും കൈത്തറി തൊഴിലാളികൾക്ക് 18 മാസത്തെ കുടിശ്ശികയും നൽകാനുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് 150 കോടി രൂപയും ബീഡി തൊഴിലാളി പെൻഷന് 3 ലക്ഷം രൂപയും കശുവണ്ടി തൊഴിലാളി പെൻഷന് 3.67 കോടി രൂപയും കൈത്തറി തൊഴിലാളികൾക്ക് 1.44 കോടി രൂപയും ആവശ്യമായി വരും.

നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിൽ നിക്ഷേപം നടത്തുന്നവർക്ക് നൽകുന്ന സമ്മാനം

30 [313] ശ്രീ. ഡി. സുഗതൻ :
,, എം. പി. ഗംഗാധരൻ :
,, കെ. പി. വിശ്വനാഥൻ :
,, വി. ബാലറാം :
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിൽ നിക്ഷേപം നടത്തുന്നവർക്ക് നൽകുന്ന സമ്മാനത്തിന് അർഹരായവരെ തെരഞ്ഞെടുക്കാൻ 2002-2003-ലും, 2003-2004-ലും ഇതുവരെ എത്ര 'ഡ്രോ' നടത്തിയിട്ടുണ്ട്;

(ബി) ഈ ഡ്രോ നടത്തുന്നതിനുള്ള നടപടിക്രമമെന്ത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഓരോ ഡ്രോയിലും സമ്മാനം ലഭിച്ചവരുടെ പേരുവിവരം പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എപ്രകാരം;

(ഡി) സമ്മാനം ലഭിച്ചവരെയെല്ലാവരെയും വിവരം അറിയിച്ചിട്ടുണ്ടോയെന്നും സമ്മാനം ലഭിച്ചവരെല്ലാം അതു വാങ്ങിയോ എന്നും വ്യക്തമാക്കുമോ;

(ഇ) ഈ കാലഘട്ടത്തിൽ നടത്തിയ ഡ്രോയിൽ എത്ര പേർ സമ്മാനം ക്ളയിം ചെയ്യാതിരുന്നുവെന്നും അതിനുള്ള കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(എഫ്) ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ ക്ളയിം ചെയ്യാതിരുന്നിട്ടുണ്ടോ;

(ജി) പ്രസ്തുത കാലയളവിൽ നടത്തിയ ഡ്രോയുടെ റിസൾട്ട് കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 2002-2003-ലെ മൂന്നു നറുക്കെടുപ്പുകളിലെ രണ്ട് എണ്ണം 22-11-2002-ലും, 27-6-2003-ലുമായി നടന്നു കഴിഞ്ഞു. മൂന്നാമത്തെ നറുക്കെടുപ്പ് 28-1-2004-ൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. 2003-2004 വർഷത്തിലെ നറുക്കെടുപ്പിനുള്ള സമയം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly